ഇതേ കാലയളവിൽ ചെലവായ 41806.10 കോടി രൂപയേക്കാൾ 30.29% കൂടുതലാണ്. 2015 ജനുവരി 31 വരെയുള്ള മൂലധനച്ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 3463.05 കോടി രൂപയാണ്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 28-2-2015-ൽ ട്രഷറി ബില്ലുകളിലായി 494.69 കോടി രൂപ നിക്ഷേപമുണ്ട്.

(ബി) 2015 ജനുവരി 31 വരെ ബഡ്ജറ്റ് വിഹിതത്തിന്റെ 62.85 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.

സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധി

198 (544) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-2015-ൽ സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധി എത്രയാണ് ;

(ബി) ഈ സാമ്പത്തിക വർഷം ഇതിനോടകം എത്ര തവണ പൊതു വിപണിയിൽ നിന്നും കടമെടുത്തുവെന്നും എപ്പോഴെല്ലാമാണ് കടമെടുത്തതെന്നും ഓരോ തവണയും എത്ര തുകയാണ് കടമെടുത്തതെന്നും വ്യക്തമാക്കുമോ ;

(സി) നടപ്പു സാമ്പത്തികവർഷം ഇനി എത്ര തുക കടമെടുക്കുവാൻ കഴിയുമെന്നും ഇനിയും കടമെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15-ൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ളത് 13,548 കോടി രൂപയാണ്.

(ബി) ഈ സാമ്പത്തിക വർഷം പൊതു വിപണിയിൽനിന്നും കടമെടുത്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

തീയതി	കടമെടുത്ത തുക
(1)	(2)
10-4-2014	1000
23-4-.2014	1000
28-5-2014	1200
25-6-2014	500

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
23-7-2014	1000
13-8-2014	700
27-8-2014	1000
10-9-2014	500
16-10-2014	1000
29-10-2014	500
26-11-2014	1000
24-12-2014	300
14-1-2015	1500
11-2-2015	1000
ആകെ	12200

(സി) നടപ്പുസാമ്പത്തിക വർഷം പൊതുവിപണിയിൽ നിന്ന് കടമെടുക്കുവാൻ കേന്ദ്രസർക്കാർ നൽകിയിട്ടുള്ള അനുമതി അനുസരിച്ച് 1000 കോടി രൂപ കൂടി കടമെടുക്കുവാൻ കഴിയും.

നടപ്പിലാക്കപ്പെട്ട ബഡ്ജറ്റ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്ത പദ്ധതികൾ

199 (545) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനങ്ങളിൽ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രഖ്യാപനങ്ങളിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനങ്ങളിൽ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്ത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം1-ൽ ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly